**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1557** **08-10-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക കടാശ്വാസ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പ്രളയങ്ങളും കോവിഡും കാരണം വരുമാനം നിലച്ച് കടക്കെണിയിൽ ആയ കർഷകർക്ക് ആശ്വാസമേകുന്ന എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്ന ഹ്രസ്വകാല കാർഷിക ഉല്പാദന വായ്പാ ഉൾപ്പെടെ എല്ലാത്തരം കാർഷിക ലോണുകളും എടുത്തിട്ടുള്ള കർഷകർക്ക് പലിശ സബ്സിഡി നഷ്ടപ്പെടാതെയും പിഴ പലിശ ഈടാക്കാതെയും പുതുക്കി നൽകുന്നതിനുള്ള നിർദ്ദേശം ബാങ്കുകൾക്ക് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നൽകിയിട്ടുണ്ട്. ഈ ആനുകൂല്യ പ്രകാരം 2020 മാർച്ച് 1നും 2020 മേയ് 31നും ഇടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾ മേയ് 31-ന മുൻപ് പുതുക്കി നൽകിയാലും പലിശ സബ്സിഡിയുടെ ആനുകൂല്യം ലഭിക്കും. മൊറട്ടോറിയം തുടർന്ന് 2020 ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ചിരുന്നു. കോവിഡിന്റെ രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് ഇതേ ആനുകൂല്യം 2021 മാർച്ച് 1 മുതൽ 2021 ജൂൺ 30 വരെ പുതുക്കേണ്ട കാർഷിക വായ്പകൾക്ക് അനുവദിച്ച് നൽകി. പ്രസ്തുത മൊറട്ടോറിയം കാലയളവ് ജൂലൈ 1 മുതൽ ആറ് മാസത്തേക്ക് കൂടി ദീർഘിപ്പിക്കുവാൻ കേന്ദ്ര സർക്കാരിനോടും സംസ്ഥാന തല ബാങ്കേഴ്സ് സമിതിയോടും അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ കർഷകരിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ എന്ന് അറിയിക്കാമോ ; | (ബി) | കടാശ്വാസ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി 31.03.2020 തീയതിയിൽ അവസാനിച്ചിരുന്നു. കോവിഡ് മഹാമാരിയും തുടർന്നുള്ള ലോക്ഡൗണും മൂലം സിറ്റിംഗ് നിർത്തിവയ്ക്കേണ്ടി വന്ന സാഹചര്യത്തിൽ നിലവിൽ കടാശ്വാസ കമ്മീഷനിൽ 86845 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുതിയ അപേക്ഷകൾ സ്വീകരിക്കുന്ന വിഷയത്തിൽ നിലവിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) | നിലവിൽ എത്ര അപേക്ഷകൾ കമ്മീഷനിൽ | (സി) | കടാശ്വാസ കമ്മീഷനിൽ അപേക്ഷ |

| | | | |
|---|---|---|---|
| | തീർപ്പാക്കാനുണ്ടെന്ന് വിശദമാക്കുമോ ; ആയത് അടിയന്തരമായി തീർപ്പാക്കുന്നതിനും പുതിയ അപേക്ഷകൾ സ്വീകരിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളുമോ; വ്യക്തമാക്കാമോ ; | | സമർപ്പിക്കുന്നതിനുള്ള കാലാവധി 31.03.2020 തീയതിയിൽ അവസാനിച്ചിരുന്നു. കോവിഡ് മഹാമാരിയും തുടർന്നുള്ള ലോക്ഡൗണും മൂലം സിറ്റിംഗ് നിർത്തിവയ്ക്കേണ്ടി വന്ന സാഹചര്യത്തിൽ നിലവിൽ കടാശ്വാസ കമ്മീഷനിൽ 86845 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുതിയ അപേക്ഷകൾ സ്വീകരിക്കുന്ന വിഷയത്തിൽ നിലവിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ഡി) | കാർഷിക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വാണിജ്യ ബാങ്കുകളെ കൂടി ഉൾപ്പെടുത്തുന്ന വിഷയം കൃഷി വകുപ്പ് പരിശോധിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വാണിജ്യബാങ്കുകളെ ഉൾപ്പെടുത്താമോയെന്ന വിഷയം സർക്കാർ തലത്തിൽ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ